**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5875** **28.03.2018-ൽ മറുപടിക്ക്**

**<u>അനധികൃതമായും ദീർഘകാല അവധികളിലുമായി ജോലിക്ക് ഹാജരാകാത്ത ഡോക്ടർമാർ</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി.കെ. ശശി** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| (എ) ആരോഗ്യ വകുപ്പിനും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനും കീഴിൽ എത്ര ഡോക്ടർമാരുടെ തസ്തികകൾ ഉണ്ടെന്നും പ്രസ്തുത തസ്തികകളിൽ അനധികൃതമായും ദീർഘകാല അവധികളിലുമായി ജോലിക്ക് ഹാജരാകാത്ത ഡോക്ടർമാർ എത്രയെന്നും വ്യക്തമാക്കാമോ; | (എ) ആരോഗ്യ വകുപ്പിന് കീഴിലുള്ള ഡോക്ടർമാരുടെ അനുവദനീയ തസ്തികകൾ ചുവടെ ചേർക്കുന്നു.<br><br>അസിസ്റ്റന്റ് സർജൻ --2683<br>സിവിൽ സർജൻ - - 245<br>സ്പെഷ്യാലിറ്റി കേഡർ -- 2146<br>അഡ്മിനിസ്ട്രേറ്റീവ് കേഡർ - 276<br><br>2015-17 കാലയളവുകളിലായി ആരോഗ്യ വകുപ്പിൽ ആകെ 265 ഡോക്ടർമാർ സർവ്വീസിൽ നിന്നും വിട്ടു നിൽക്കുന്നുണ്ട്<br><br>**<u>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഡോക്ടർമാരുടെ ആകെ തസ്തികകൾ</u>**<br><br>ക്ലിനിക്കൽ വിഭാഗം -1279<br>നോൺ ക്ലിനിക്കൽ വിഭാഗം -- 832<br>ദന്തൽ വിഭാഗം -- 207<br>**ആകെ -- 2380**<br><br>ii) അവധിയിലുള്ള ഡോക്ടർമാർ -- 17<br>iii) അനധികൃതമായി ജോലിയിൽ നിന്നും വിട്ടു നിൽക്കുന്നവർ -- 61 |
| (ബി) ഇത്തരത്തിൽ ജോലിക്ക് ഹാജരാകാതെയുള്ള ഡോക്ടർമാരുടെ പേരിൽ നാളിതുവരെ സ്വീകരിച്ച നടപടി കൾ എന്തെന്ന് വ്യക്തമാക്കാമോ; | (ബി) യും (സി) യും അനധികൃതമായി സർവ്വീസിൽ നിന്നും വിട്ടു നിൽക്കുന്ന സീനിയർ ഡോക്ടർമാർക്കെതിരായി അച്ചടക്ക നടപടി സ്വീകരിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (സി) | ഇത്തരത്തിൽ ജോലിക്ക ഹാജരാകാത്ത ഡോക്ടർമാരിൽ ഗൾഫിലും സംസ്ഥാനത്തും മറ്റ് സംസ്ഥാനങ്ങളിലുമുള്ള ആശുപത്രികളിൽ സേവനമനുഷ്ഠിക്കുന്നവരെ സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ അവർക്കെതിരെ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെന്ന് വ്യക്തമാക്കുമോ; | | |
| (ഡി) | ഇത്തരത്തിലെ ഒഴിവുകൾ ഉൾപ്പെടെ സംസ്ഥാനത്താകമാനം നിലവിൽ ഡോക്ടർമാരുടെ എത്ര ഒഴിവുകളുണ്ട് എന്നും പ്രസ്തുത ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടികൾ എന്തെന്നും വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്ത് ആരോഗ്യ വകുപ്പിൽ ആകെ 528 ഡോക്ടർമാരുടെ ഒഴിവുകളും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ആകെ 450 ഒഴിവുകളും നിലവിലുണ്ട്. നേരിട്ടുള്ള നിയമനം വഴി നികത്തേണ്ട ഒഴിവുകൾ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്യും, സ്ഥാനക്കയറ്റം വഴി നികത്തേണ്ട ഒഴിവുകൾ വകുപ്പ് തല സ്ഥാനക്കയറ്റ കമ്മിറ്റി യോഗം ചേർന്നും, പി.എസ്.സി വഴി നികത്താൻ കാലതാമസമുള്ള എൻട്രി കേഡർ നിയമനങ്ങൾ കരാർ അടിസ്ഥാനത്തിലും നിയമിച്ച് ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ